(ബി) സംസ്ഥാനത്ത് അതാതു സ്ഥലത്തെ മണ്ണിന്റെ ഘടന, കാലാവസ്ഥ, ഭൂമിയുടെ കിടപ്പ് നിർണ്ണോന്നതനില മുതലായവ കണക്കിലെടുത്ത് ഓരോ പ്രദേശത്തും എന്തെല്ലാം ഇനം പൂവുകളാണ് കൃഷി ചെയ്യാവുന്നത് എന്ന കാര്യം ജനങ്ങളെ ധരിപ്പിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ പൊതുവായി എന്തെല്ലാം വിധത്തിലുള്ള പൂക്കളാണ് സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്നത്?

ഉത്തരം

(എ) സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ നടീൽവസ്തുക്കൾക്കും ഉൽപ്പാദനോപാധികൾക്കും 50% സബ്സിഡിയും, കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 25% സബ്സിഡിയും നൽകിവരുന്നു. കൂടാതെ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ നടത്തുകയും വിപണനകേന്ദ്രനിർമ്മാണത്തിനു ധനസഹായം നൽകിവരുന്നു.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പൊതുവായി കുറ്റിമുല്ല, അരളി, ഓർക്കിഡ്, ആന്തൂറിയം, മാരിഗോൾഡ് ട്യൂബ്റോസ് എന്നിവയാണ് സംസ്ഥാനത്ത് കൃഷിചെയ്തുവരുന്നത്.

സംസ്ഥാനത്തിനാവശ്യമായ പൂവ്

135 [2754] ശ്രീ. വി. ജെ. പൗലോസ്:
,, ലൂഡി ലൂയിസ്:
,, എം. എം. ഹസ്സൻ:
,, ഇ. എം. അഗസ്തി:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വർഷം വേണ്ടിവരുന്ന പൂവെത്രയാണെന്ന് കണക്കാക്കിയിരിക്കുന്നു;

(ബി) അതിൽ എത്ര പൂവ് ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നു;

(സി) സംസ്ഥാനത്തു നിന്ന് പൂവ് കയറ്റുമതി ചെയ്യുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പൂവുകൾ; പൂ കയറ്റുമതിയിലൂടെ സംസ്ഥാനം പ്രതിവർഷം എന്തു തുക നേടുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു വർഷം ഏകദേശം 6315 ടൺ പൂക്കൾ ആവശ്യമെന്ന് കണക്കാക്കിയിരിക്കുന്നു.

(ബി) ആകെ വേണ്ടി വരുന്ന പൂവിന്റെ അഞ്ച് ശതമാനത്തോളം ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.

(സി) ഉണ്ട്. പ്രധാനമായും ഓർക്കിഡ്, ആന്തൂറിയം, മുല്ല എന്നിവ. പൂ കയറ്റുമതി വഴി സംസ്ഥാനം ഏകദേശം മൂന്നുകോടി രൂപ നേടുന്നു.

പുഷ്പകൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ

136 [2755] ശ്രീ. ഇ. എം. അഗസ്തി:
,, എൻ. ഡി. അപ്പച്ചൻ:
,, ജി. കാർത്തികേയൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഷ്പകൃഷിക്ക് ആവശ്യമായ നടീൽവസ്തുക്കൾ കൃഷിവകുപ്പ് ഉൽപ്പാദിപ്പിച്ച് നൽകാറുണ്ടോ; എങ്കിൽ എന്തെല്ലാം നടീൽവസ്തുക്കൾ നൽകുന്നുവെന്നും അറിയിക്കാമോ;

(ബി) പുഷ്പകൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ സ്വകാര്യ നഴ്സറിക്കാരിൽനിന്നും സംഭരിച്ചു പുഷ്പകൃഷിയിൽ താല്പര്യമുള്ളവർക്ക് കൊടുക്കാറുണ്ടോ;

(സി) പുഷ്പകൃഷിയിലേർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ ഉപദേശങ്ങൾ കൃഷിവകുപ്പു കൊടുക്കുന്നുണ്ടോ; എങ്കിൽ അക്കാര്യത്തിൽ പരിശീലനം സിദ്ധിച്ച എത്രപേർ കൃഷിവകുപ്പിലുണ്ട്;

(ഡി) അവർ എത്രപേർക്ക് ഈ വർഷം ഇതുവരെ ഉപദേശം നൽകി; അതുകൊണ്ട് പൂ കർഷകർക്കുണ്ടായ പ്രയോജനമെന്തെല്ലാം?

ഉത്തരം

(എ) പുഷ്പകൃഷിക്ക് ആവശ്യമായ നടീൽവസ്തുക്കളുടെ 60%-ത്തോളം സർക്കാർ അംഗീകൃത നഴ്സറികളിൽനിന്നും 40% നടീൽവസ്തുക്കൾ ഡിപ്പാർട്ട്മെന്റ് ഫാമുകൾ വഴിയും കഴക്കൂട്ടത്തെ ബയോടെക്നോളജി സെന്റർ വഴിയും നൽകുന്നു. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയാണ് പ്രധാനമായും നൽകിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly